## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3235 — 24/06/2013-ൽ മറുപടിക്ക്

### ആദിവാസി ഊരുകളിൽ മുഖ്യമന്ത്രിയുടെ സന്ദർശനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ജമീല പ്രകാശം:<br>ശ്രീ. ജോസ് തെറ്റയിൽ:<br>ശ്രീ. മാത്യൂ. റ്റി. തോമസ്:<br>ശ്രീ. സി.കെ. നാണു: | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| എ | നിരന്തരം ശിശുമരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന അട്ടപ്പാടിയിലെയും അഗളിയിലെയും ആദിവാസി ഊരുകൾ മുഖ്യമന്ത്രി സന്ദർശിച്ചിരുന്നോ; | എ | സന്ദർശിച്ചിരുന്നു. |
| ബി | എങ്കിൽ ഏതൊക്കെ ഊരുകളാണ് സന്ദർശിച്ചത് എന്ന് വ്യക്തമാക്കാമോ; | ബി | പാലൂർ, നെല്ലിപ്പതി, തെക്കേകടമ്പാറ എന്നീ ഊരുകളാണ് സന്ദർശിച്ചത്. |
| സി | പോഷകാഹാരക്കുറവ് നിമിത്തം ഞെട്ടിപ്പിക്കുന്ന രീതിയിൽ ശിശുമരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | സി | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി | വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റെ കുറവാണ് ആദിവാസി ഊരുകളിലെ പ്രശ്നങ്ങൾക്ക് കാരണമെന്ന് മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചിട്ടുള്ള സ്ഥിതിക്ക് ഏകോപനത്തിനുവേണ്ടി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | ഡി യും ഇ യും | അട്ടപ്പാടിയിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡോ. എസ്. സുബ്ബയ്യ ഐ.എ.എസ് (റിട്ട) നെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |
| ഇ | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം മന്ത്രിസഭാ സമിതി ആ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് രൂപീകരിക്കാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്തതിനെത്തുടരന്ന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിരുന്നു.

1. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡോ. എസ്. സുബ്ബയ്യ IAS (റിട്ട) സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു വരുന്നു.
2. കോട്ടത്തറ ആശുപത്രിയിൽ അനുവദനീയമായ ഗൈനക്കോളജിസ്റ്റു അടക്കമുള്ള ഡോക്ടർമാരുടേയും, നഴ്സുമാരുടേയും മറ്റു പാരാ ജീവനക്കാരുടേയും ഒഴിവുകൾ നികത്തുന്നതിനു നടപടി സ്വീകരിച്ചു. അധികമായി ആവശ്യമായ തസ്തിക സൃഷ്ടിച്ചു.
3. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എസ്.റ്റി. പ്രമോട്ടർമാരെ ഊരുകളിൽ വിന്യസിച്ച് ഫീൽഡ്തല സർവ്വെ നടത്തി പോഷകാഹാര കുറവ്, അനീമിയ തുടങ്ങിയ രോഗ ലക്ഷണങ്ങൾ കണ്ട പട്ടികവർഗ്ഗക്കാരായ രോഗികളെ കണ്ടെത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
4. വിദഗ്ദ്ധ ചികിത്സആവശ്യമായവരെ ആശുപത്രിയിൽ എത്തിച്ചു.
5. അട്ടപ്പാടിയിലെ മുഴുവൻ പട്ടികവർഗ്ഗകുടുംബങ്ങളിലും വിശദമായ ആരോഗ്യ സർവ്വെ ഹിന്ദുസ്ഥാൻ ലാടെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് മുഖേന നടത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.
6. ആരോഗ്യവകുപ്പും സാമൂഹ്യനീതിവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ഒരു ആരോഗ്യസർവ്വേ നടത്താനും തീരുമാനിച്ചിട്ടുണ്ട്.
7. 10182 റേഷൻകാർഡുകളിൽ സാധ്യമായ 9841 കാർഡുകളും ബി.പി.എൽ. ആക്കി.
8. സാമൂഹ്യനീതിവകുപ്പിലെ ഒഴിവുണ്ടായിരുന്ന അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ട് ആഫീസറുടേയും, 5 സൂപ്പർവൈസർമാരുടേയും ഒഴിവുകൾ നികത്തി.
9. അംഗൻവാടി മുഖേനയുള്ള ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാർക്കും 1-6 പ്രായമുള്ള കുഞ്ഞുങ്ങൾക്കും നൽകുന്ന പൂരക ഭക്ഷണ വിതരണം ഊർജ്ജിതപ്പെടുത്തി.
10. അംഗൻവാടി വെൽഫെയർ കമ്മിറ്റികൾ മാസാമാസം കൂടി പ്രവർത്തനം കുറ്റമറ്റതാക്കാനും, വിലയിരുത്താനും നടപടിയെടുത്തു.
11. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോ അരി, 2 കിലോ പയർ വീതം നല്കി.
12. അടുത്ത 4 മാസത്തേയ്ക്കു പ്രതിമാസം 10 കിലോ റാഗി, 2 കിലോ ചെറുപയർ വീതവും 153 ലക്ഷം രൂപ ചെലവിൽ നൽകുന്നതിനു നടപടി സ്വീകരിച്ചു.
13. പച്ചക്കറികൃഷി വ്യാപകമാക്കുന്നതിനു സംസ്ഥാന വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ മുഖേന 1 കോടി രൂപയുടെ പദ്ധതി അനുവദിച്ചു.
14. അയൺഫോളിക് ഗുളികകൾ നൽകുന്നതിനും നടപടി സ്വീകരിച്ചു.
15. ആരോഗ്യവകുപ്പിനു കീഴിൽ അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഒരു ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെൻറർ ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചു.
16. സ്കൂളിൽ ചേരുന്നതിനു വിമുഖത കാണിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്കും, സ്കൂൾ ഉച്ചഭക്ഷണ പരിപാടി പ്രകാരം ഉച്ചഭക്ഷണം നൽകാനും തീരുമാനിച്ചു.
17. സിക്കിൾസെൽ അനീമിയ ബാധിതർക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകിവരുന്നു.
18. ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും പ്രതിമാസം 1000/- രൂപ വീതം ആകെ 18 മാസം ധനസഹായം നൽകുന്ന ജനനി ജന്മരക്ഷ എന്ന പദ്ധതി ആവിഷ്ക്കരിച്ചു.
19. സർക്കാർ ആശുപത്രികളിലും ഗവൺമെൻറ്/സഹകരണ മെഡിക്കൽ കോളേജുകളിലും റീജിയണൽ ക്യാൻസർ സെൻറർ, മലബാർ ക്യാൻസർ സെൻറർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള സമഗ്ര ആരോഗ്യ പദ്ധതിയ്ക്ക് അനുമതി ലഭിച്ചു. അതനുസരിച്ച് ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ഗവൺമെൻറ്/സഹകരണ മെഡിക്കൽ കോളേജ്/റീജിയണൽ ക്യാൻസർ സെൻറർ, മലബാർ ക്യാൻസർ സെൻറർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലെ സൂപ്രണ്ടുമാർക്കും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ